ആശ്രിതരെയും സ്പെഷ്യൽ റിക്രൂട്ട്മെന്റ് പ്രകാരമുള്ള കണ്ടക്ടർമാരേയും നിയമിക്കണമെന്ന ഗവൺമെന്റ് നിർദ്ദേശം നടപ്പിലാക്കാൻ ബഹു മാനപ്പെട്ട ഹൈക്കോടതിയിൽനിന്നും ഉള്ള സ്റ്റേമൂലം സാധിച്ചിട്ടില്ല.

(ബി) ബഹു. കേരള ഹൈക്കോടതിയിലുള്ള ഒ. പി. 6689/86ന്റെ തീർപ്പിനുശേഷം പരിഗണിക്കുന്നതാണ്.

സമയവിവരപ്പട്ടിക

1677 [2510] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

എല്ലാ പ്രധാനപ്പെട്ട കെ. എസ്. ആർ. ടി. സി. സിറ്റി ബസ് സ്റ്റോപ്പുകളിലും സമയവിവരപ്പട്ടിക സ്ഥാപിക്കാൻ നിർദ്ദേശം നൽകുമോ;

ഉത്തരം

പ്രായോഗിക ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ട് ഇക്കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല.

വാഹന ഉടമകളിൽനിന്നും കിട്ടാനുള്ള ടാക്സ്

1678 [2511] ശ്രീ. ലോനപ്പൻ നമ്പാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 31–10–1986 വരെ വാഹന ഉടമകളിൽനിന്നും ടാക്സ് ഇനത്തിൽ-എത്രസംഖ്യ കിട്ടാനുണ്ട്;

(ബി) അതിൽ അരലക്ഷത്തിലധികം നൽകാനുള്ളവരുടെ പേരും സംഖ്യയും വ്യക്തമാക്കുമോ;

(സി) ഈ സംഖ്യ എന്ന് പിരിച്ചെടുക്കാൻ കഴിയും?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) 30–6–1986 വരെയുള്ള കാലയളവിൽ 2,64,44,216 രൂപ ആകെ പിരിഞ്ഞുകിട്ടാനുണ്ട്. അതിൽ അരലക്ഷത്തിലധികം രൂപ കുടിശ്ശികയുള്ളവരുടെ പേരും സംഖ്യയും താഴെപ്പറയുന്നു.

ശ്രീ. കെ. വി. പവിത്രൻ	52,000.00
ശ്രീ. ജി. ശ്രീധരൻ	57,053.00
ശ്രീ. കെ. വി. കുഞ്ഞിപിള്ള	1,12,327.50
ശ്രീ. എം. എസ്. വിശ്വനാഥപിള്ള	54,790.00
ശ്രീ. ടി. എം. എസ്. കുറ്റിപ്പുറം	59,599.00
ശ്രീ. സുബ്രഹ്മണ്യൻ	66,700.00
ശ്രീ. എം. എം. അക്ബർ	52,920.00
ശ്രീമതി സി. സി. എം. ചന്ദ്രമതി	52,171.00
ശ്രീ. കെ. മുകുന്ദൻ	57,421.00
കർണ്ണാടക സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ	85,536.00

LIBRARY ARCHIVES Kerala Legislative Assembly